compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 21
Tuesday, 21st July 2026

1201 കർക്കടകം 5
5th Karkadakam 1201

1948 ആഷാഢം 30
30th Ashadha 1948

വാല്യം 15
Vol. XV

നമ്പർ **29**
No.

Part III

Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൃശ്ശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം
(ഹാജർ : ഷീബ എസ്)

നമ്പർ : DICTSR/3917/2019-82 10/07/2026

വിഷയം: വ്യവസായം – ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ – ജ്യോതി വ്യവസായ സഹകരണ സംഘം ക്ലിപ്തം നം 238, കോലഴി സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്

പരാമർശം:- 1. 23/06/2020 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
2. തൃശ്ശൂർ, ജൂനിയർ കോ ഓപ്പറേറ്റിവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) ന്റെ 24.02.2026 തീയതിയിലെ Liq/JCI/238/2020 നമ്പർ കത്ത്

തൃശ്ശൂർ ജില്ലയിലെ കോലഴി ആസ്ഥാനമായി 30/05/1976-ൽ രജിസ്റ്റർ ചെയ്ത 'ജ്യോതി വ്യവസായ സഹകരണ സംഘം ക്ലിപ്തം നം. 238' എന്ന സംഘം റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ, കടകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ലക്ഷ്യമിട്ട് ഒരു വാടകക്കെട്ടിടത്തിലാണ് സംഘം പ്രവർത്തനം ആരംഭിച്ചത്. എന്നാൽ, 1980-കളുടെ മധ്യത്തോടെ സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായി നിലയ്ക്കുകയും, 10/04/1987-ൽ നിലവിൽ വന്ന ഭരണസമിതിക്ക് ശേഷം മറ്റ് തെരഞ്ഞെടുപ്പുകളോ ഔദ്യോഗിക പ്രവർത്തനങ്ങളോ നടന്നിട്ടില്ലാത്തതുമാണ്.

നിലവിൽ സംഘത്തിന്റെ പ്രവർത്തന മൂലധനത്തിനായി ഗവൺമെന്റ് ഷെയർ ഇനത്തിൽ രണ്ട് തവണകളായി ആകെ 26,800/- രൂപ (GSP) അനുവദിച്ചിരുന്നു. ഇതിൽ ആദ്യഗഡു വിവിധ ഉൽപ്പാദന മേഖലകൾക്കായി വിനിയോഗിച്ചുവെങ്കിലും, രണ്ടാം ഗഡു നിശ്ചിത കാലാവധിക്കുള്ളിൽ ഉപയോഗിക്കാൻ സംഘത്തിന് സാധിച്ചില്ല. എന്നാൽ, ഗവൺമെന്റിൽ നിന്നും കൈപ്പറ്റിയ ഈ തുക മുഴുവനായും സംഘം സർക്കാരിലേക്ക് തിരികെ അടച്ചുതീർത്തിട്ടുണ്ട്.

ദീർഘകാലമായി പ്രവർത്തനരഹിതമായിരുന്ന ഈ സംഘം 2020 മുതൽ സമാപ്തീകരണ (Liquidation) നടപടികളിലായിരുന്നു. നിലവിൽ സംഘത്തിന് യാതൊരുവിധ സാമ്പത്തിക ബാധ്യതകളോ (Liabilities), കണ്ടുകെട്ടേണ്ട ആസ്തികളോ (Assets) അവശേഷിക്കുന്നില്ല. കൂടാതെ മെമ്പർമാർക്കോ മറ്റ് കടക്കാർക്കോ (Creditors) തുകയൊന്നും തന്നെ നൽകാനില്ലെന്ന് തൃശ്ശൂർ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ലിക്വിഡേഷൻ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉത്തരവ്

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം 'ജ്യോതി വ്യവസായ സഹകരണ സംഘം ക്ലിപ്തം നം. 238' എന്ന സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും, സഹകരണ സംഘങ്ങളുടെ ഔദ്യോഗിക പട്ടികയിൽ നിന്ന് പ്രസ്തുത സംഘത്തിന്റെ പേര് നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഈ സമാപ്തീകരണവുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകൾ ലിക്വിഡേറ്റർ ഇന്നേ തീയതി മുതൽ 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. അതിനുശേഷം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ മാത്രമേ ഇവ നശിപ്പിക്കാൻ പാടുള്ളൂ.

ഒപ്പ്

ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Digitally signed by V JAYAKUMAR
Date:2026.07.21 04:58:23 +05:30